790 — ാമത്തെ പരിപാടി

# കഥകളിക്ലബ്ബ്, തൃശ്ശൂർ

**2026 ജൂൺ 21 ഞായറാഴ്ച്ച വൈകീട്ട് 4 മണി മുതൽ**

## കഥകളി – കഥ : ബാലിവിജയം (രചന– കല്ലൂർ നമ്പൂതിരിപ്പാട്)

## വേദി – പാറമേക്കാവ് അഗ്രശാലയിൽ

**അവതരണം– തൃശ്ശൂർ കഥകളിക്ലബ്ബ്**

**ഈ മാസത്തെ കളി സ്പോൺസർ ചെയ്യുന്നത് കഥകളി ക്ലബ് പേട്രൻ മെമ്പർ ഡോ.രാംകുമാർ മേനോൻ അമ്മ മണ്ണത്താഴത്ത് ശ്രീമതി ചന്ദ്രാ നമ്പ്യാരുടെ (റിട്ട പ്രധാന അധ്യാപിക, ഗവണ്മെന്റ് മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശൂർ) സ്മരണാർത്ഥം**

**കഥാപാത്രങ്ങളും കലാകാരന്മാരും**

| | |
|---|---|
| രാവണൻ | - **കലാമണ്ഡലം വൈശാഖ്** |
| മണ്ഡോദരി | - **കലാമണ്ഡലം ഗോകുൽ** |
| നാരദൻ | - **കലാമണ്ഡലം അരവിന്ദ്** |
| ബാലി | - **കലാമണ്ഡലം ഹരിശങ്കർ** |
| സംഗീതം | - **കലാമണ്ഡലം വിഷ്ണു, കലാമണ്ഡലം കൃഷ്ണകുമാർ** |
| ചെണ്ട | - **കലാമണ്ഡലം ശ്രീവിൻ, കലാമണ്ഡലം സായിനാഥൻ** |
| മദ്ദളം | - **കലാമണ്ഡലം ജയപ്രസാദ്, സദനം അരവിന്ദ്** |
| ചുട്ടി | - **കലാമണ്ഡലം രാജേഷ്** |
| അണിയറ | - **മാങ്ങോട് നാരായണൻ, രമേശൻ, അരുൺ** |
| ശബ്ദവും വെളിച്ചവും | - **സ്വരം ലൈറ്റ് & സൗണ്ട്** |

## ബാലിവിജയം – (പദരചന– രചന– കല്ലൂർ നമ്പൂതിരിപ്പാട്)

### രംഗസംഗ്രഹം

18–ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത്, കൊച്ചിരാജ്യം ഭരിച്ചിരുന്ന വീരകേരളവർമ്മയുടെ സദസ്യനായിരുന്നു ബാലിവിജയകർത്താവായ കല്ലൂർ നമ്പൂതിരിപ്പാട് എന്നാണ് കരുതിപ്പോരുന്നത്. നീലകണ്ഠൻ എന്നാണ് അദ്ദേഹത്തിന്റെ നാമധേയമെന്നും അഭിപ്രായമുണ്ട്. ഇദ്ദേഹം നാലാട്ടക്കഥകൾ എഴുതിയതായി പറയുന്നുണ്ടെങ്കിലും ബാലിവിജയത്തിനു മാത്രമേ പ്രശസ്തിയും പ്രചാരവും ലഭിച്ചുള്ളൂ. കപ്ലിങ്ങാടിന്റെ പരിഷ്കരണങ്ങളുടെ സവിശേഷതയായി പറയാറുള്ള പ്രതിനായകപ്രധാനമായ ഇതിവൃത്തഘടനയും കളരിവഴക്കങ്ങളും രാവണനെ മുഖ്യകഥാപാത്രമായി ആവിഷ്കരിച്ചിട്ടുള്ള ബാലിവിജയത്തിന്റെ കളരിഅരങ്ങുപാഠങ്ങളിലും ദർശിക്കാനാകും. രാവണോത്ഭവത്തിനു ശേഷം ഉത്തരരാമായണത്തെ മുൻനിർത്തി രചിക്കപ്പെട്ട ശ്രദ്ധേയമായ കൃതിയെന്ന സവിശേഷത കൂടി ബാലവിജയത്തിനുണ്ട്. വീരത്തെയും ഹാസ്യത്തെയും സമീചീനമായി സംയോജിപ്പിച്ചു കൊണ്ടുള്ള ഇതിവൃത്തവും കൈലാസോദ്ധരണം, പാർവ്വതീവിരഹം പോലുള്ള അഭിനയ പ്രധാനമായ സന്ദർഭങ്ങളും നാരദൻ രാവണനെ ബാലിയുടെ വാലിൽ കുടുക്കുന്നതിലെ നർമ്മവും ഇതിന്റെ പ്രചാരത്തെ സഹായിച്ച ഘടകങ്ങളുണ്ടെന്നു പറയാം. രാവണന്റെ പുത്രനായ മേഘനാദനാൽ അപമാനിക്കപ്പെട്ട ദേവേന്ദ്രന്റെ സമീപത്തു ചെന്ന നാരദൻ രാവണനെ ബന്ധിക്കുന്നതിനുള്ള ഉപായം അറിയിക്കുകയും ഇന്ദ്രപുത്രനായ ബാലിയെ ഇതിനായി നിയോഗിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. രാവണന്റെ സമീപത്തെത്തിയ നാരദൻ രാവണനെന്നു കേട്ടാൽ ലോകം മുഴുവൻ ഭയന്നു വിറയ്ക്കുമെങ്കിലും ബാലിമാത്രം നിസ്സാരനായി കരുതുകയാണെന്നും അതിനാൽ അഹങ്കാരിയായ ബാലിയെ ബന്ധിച്ചു സ്വന്തം ശക്തി തെളിയിക്കണമെന്നും പറയുന്നു. രാവണൻ ബാലിയെ ബന്ധിക്കാനായി നാരദനോടുകൂടി പുറപ്പെടുകയും ബാലിയുടെ വാലിൽ ബന്ധിക്കതനാകുകയും ചെയ്യുന്ന കഥാഭാഗമാണ് അരങ്ങുപ്രചാരം നേടിയിട്ടുള്ളത്.

**രംഗം 1** – രാവണനും മണ്ഡോദരിയുമായുള്ള പദമാണ് ആദ്യരംഗം. ഒട്ടും കാരുണ്യമില്ലാതെ ദേവേന്ദ്രനെ അപമാനിച്ചതിലുള്ള സന്തോഷത്താൽ രാവണൻ പുത്രനായ മേഘനാദനെ യുവരാജാവാക്കി വാഴിച്ചു; അയാളുടെ അമ്മയാണെന്ന ബഹുമാനത്തോടെ മണ്ഡോദരിയോട് കാമപീഡിതനായി ഇപ്രകാരം പറഞ്ഞു. എന്ന സന്ദർഭസൂചകമായ *"ജാതേ ജ്ഞാതാവമാനെ വലജിതതനയം"* എന്നു തുടങ്ങുന്ന ശ്ലോകം കഴിഞ്ഞ് രാവണന്റെ തിരനോക്ക്. അതിനുശേഷം മണ്ഡോദരിയുടെ സൗന്ദര്യം വർണ്ണിക്കുന്ന *"അരവിന്ദദളോപമനയനേ"* എന്നു തുടങ്ങുന്ന പാടിരാഗത്തിലുള്ള പദം. പതിഞ്ഞ ചെമ്പടതാളത്തിലുള്ള പദത്തിന്റെ നാലുതാളവട്ടം നായികയെ മുഖംമുതൽ പാദംവരെയും തിരിച്ചും കണ്ട് മുദ്രാഭിനയം തുടങ്ങുന്നു. മണ്ഡോദരിയുടെ ഓരോ അവയവും വർണ്ണിച്ചുകൊണ്ടുള്ള പദത്തിലെ *"കരിവൃന്ദഗമനേ"* എന്നിടത്ത് ആനക്കൂട്ടങ്ങളെപ്പോലും തോല്പിക്കുന്ന നടത്തവും *"കരവിംശതി ദശമുഖവും മേ"* എന്ന ഭാഗത്ത് ഇരുപതുകരങ്ങളും പത്തു മുഖവും നായികയെ ചുംബിക്കാനും ആലിംഗനം ചെയ്യാനുമുള്ള കൗതുകത്താൽ മത്സരിക്കുന്നു എന്നതും വിസ്തരിച്ച് അഭിനയിക്കുന്നു. മണ്ഡോദരിയുടെ *"പംക്തികണ്ഠാ"* എന്നുതുടങ്ങുന്ന മറുപടിപ്പദത്തിനുശേഷം നായികയെ ആലിംഗനം ചെയ്യുന്നു.

**ആട്ടം–**

നാരദൻ പ്രത്യക്ഷപ്പെടുന്നതാണ് രാവണൻ ആട്ടത്തിലൂടെ ആവിഷ്കരിക്കുന്നത്. മാഘകവിയുടെ രണ്ടു ശ്ലോകങ്ങളാണ് ഇതിനവലംബം. ആകാശത്ത് ഒരു ശോഭ കാണുന്നതായി നടിച്ച് എന്താണത് എന്നു ചിന്തിക്കുന്നു.

ആദിത്യനാണോ? അല്ല. ആദിത്യന്റെ സഞ്ചാരം വിലങ്ങനെയാണ്. ഈ ശോഭ എല്ലായിടത്തും വ്യാപിച്ചു കാണുന്നു. അതുകൊണ്ട് ആദിത്യനല്ല. അഗ്നിയാണോ? ഊർദ്ധ്വജ്വലനായ അഗ്നിയുടെ നാളം മുകളിലേക്കാണ്.

ഇവിടെ താഴോട്ടാണ്. അതുകൊണ്ട് അഗ്നിയല്ല. പിന്നെ എന്താണ്? എല്ലായിടത്തും പരന്നിരിക്കുന്ന ശോഭയുടെ മദ്ധ്യത്തിൽ കൈകാലുകളോടുകൂടിയ ഒരു മനുഷ്യശരീരം കാണുന്നു.. ഭസ്മം ധരിച്ചിട്ടുണ്ട്, കയ്യിൽ വീണയുമുണ്ട്. ഓ! മനസ്സിലായി!. നാരദമഹർഷിയാണ്. എന്നെ കാണാൻ വരികയാണ്. ലോകവർത്തമാനങ്ങൾ അറിയുകതന്നെ. മണ്ഡോദരിയെ അന്തപ്പുരത്തിലേക്കു പറഞ്ഞയയ്ക്കുന്നു

**രംഗം 2** –*"ജയജയ രാവണാ ലങ്കാപതേ"* എന്നു രാവണനെ സ്തുതിച്ചുകൊണ്ട് നാരദൻ പ്രവേശിക്കുന്നു. സ്തുതിയിലെ ഓരോ വാക്കിനും രാവണൻ വിവിധ ഭാവങ്ങളോടെ പ്രതികരിക്കുന്നു. സ്തുതി കഴിയുന്നതോടെ രാവണൻ നാരദനെ കണ്ടു എഴുന്നേറ്റു സ്വീകരിച്ചിരുത്തി *"നാരദ മഹാമുനേ"* എന്നു തുടങ്ങുന്ന ആഹിരി രാഗത്തിലുള്ള പദം ആരംഭിക്കുന്നു.

എവിടെനിന്നാണ് വരുന്നത്? ഇന്ദ്രന്റെ വിശേഷങ്ങൾ കേൾക്കാമോ? ശക്തനായ എന്റെ മകൻ ഇന്ദ്രനെ ബന്ധിച്ചു ലങ്കയിൽ കൊണ്ടുവന്നു. ബ്രഹ്മാവ് വന്നു സങ്കടം പറഞ്ഞതുകൊണ്ട് മോചിപ്പിച്ചു. ആരെങ്കിലും ഇനി എനിക്കു വൈരികളായിട്ടുണ്ടോ? എന്നിങ്ങനെയാണ് പദത്തിന്റെ ഉള്ളടക്കം. വീരം പ്രോജ്ജ്വലിപ്പിക്കുന്ന വാക്കുകളും അതിനനുസൃതമായ അംഗചലനങ്ങളും അടന്ത 14 മാത്രയിലുള്ള താളഘടനയിലെ അടികൾക്കിടയിലേക്കു വാക്കും രംഗക്രിയകളും വിന്യസിക്കുന്ന തരത്തിലുള്ള പദഘടനയും ഈ അവതരണത്തെ ഏറെ ആകർഷകമാക്കുന്നുണ്ട്. തുടർന്നു നാരദന്റെ ''*രാവണാ കേൾക്ക*" എന്ന പദമാണ്

രാവണാ ഇന്ദ്രനെ ബന്ധിച്ചതും ദേവന്മാർ ഭയപ്പെട്ടോടിയതുമെല്ലാം ആർക്കാണറിയാത്തത്? ആലോചിച്ചാൽ നിസ്സാരമെങ്കിലും അഹങ്കാരിയായ ബാലിക്കു അങ്ങയോട് വൈരമുണ്ട്. രാവണൻ ഒരു പുല്ലിനു തുല്യനാണ് എന്നൊക്കെയാണ് ബാലി പറയുന്നത്. സാരമില്ലെങ്കിലും ഇതു ലേകപ്രസിദ്ധമാകും മുമ്പേ അവനോട് ശൗര്യം പരീക്ഷിക്കണം.

രാവണന്റെ. *"ചിത്രമഹോ"* എന്നു തുടങ്ങുന്ന ; ചെമ്പടയിലുള്ള പദം. ആശ്ചര്യംതന്നെ, എനിക്ക് ഒരു ശത്രവുണ്ടായത്! (അത്ഭുതം ദ്യോതിപ്പിക്കുന്ന "ചിത്രം" എന്ന മുദ്ര ഏറ്റിച്ചുരുക്കി കാണിച്ചു അതിനെ ക്രമേണ വികസിപ്പിച്ചു മൂർത്തരൂപമാക്കി മാറ്റുന്ന ഒരു രംഗതന്ത്രം ഇവിടെ പ്രയോഗിക്കുന്നു) മദിച്ച ആനകളുടെ മസ്തകം പിളർക്കുന്ന എന്റെ കയ്യൂക്ക് തടുക്കാൻ ഒരു കുരങ്ങനാകുമോ? (ഇവിടെ ശ്രദ്ധേയമാകുന്നത് തന്റെ കരബലവും ശത്രുവിന്റെ നിസ്സാരതയും പ്രകടമാക്കുന്ന അംഗചലനങ്ങളുടെയും മുദ്രാവിന്യാസങ്ങളുടെയും സംയോജനമാണ്) എന്തിനു താമസിക്കുന്നു? ഉടൻ ബാലിയെ ബന്ധിക്കാൻ പോകുകതന്നെ.

**നാരദൻ;** രാവണാ, എന്തിനു താമസിക്കണം അങ്ങും അവനും എങ്ങനെ തുല്യരാകും? ഉടൻ പുറപ്പെടുകതന്നെ

***ആട്ടം–***

രാവണൻ ചന്ദ്രഹാസമെടുത്തു പുറപ്പെടുന്നു. കുരങ്ങനെ ബന്ധിക്കാൻ എന്തിനാണ് ഈ വാൾ എന്നു നാരദൻ ചോദിക്കുമ്പോൾ ശ്രീപരമേശ്വരനിൽനിന്നും ചന്ദ്രഹാസം എന്ന വാൾ ലഭിച്ച കഥ കൈലാസോദ്ധരണവും പാർവ്വതീ വിരഹവും അഭിനയിച്ചുകൊണ്ട് രാവണൻ വിസ്തരിക്കുന്നു (കൂടിയാട്ടത്തിൽനിന്നു സ്വീകരിച്ചതെങ്കിലും അതിൽനിന്നു ഭിന്നവും സ്വതന്ത്രവുമായ അവതരണരീതിയാണ് കഥകളി അനുവർത്തിച്ചുപോരുന്നത്).

ത്രൈലോക്യനാഥനായ ബ്രഹ്മാവിൽനിന്ന് വരംനേടി പ്രതാപവാനായിട്ടിരിക്കുന്ന കാലത്ത് ഒരുദിവസം ജ്യേഷ്ഠനായ വൈശ്രവണൻ ഒരു എഴുത്തുമായി ദൂതനെ അയച്ചു. (ദൂതനിൽനിന്നു എഴുത്തു വാങ്ങി വായിക്കുന്നു.). പ്രശംസകളെല്ലാം വായിച്ചു സന്തോഷിക്കുന്നു. അധിക്ഷേപവും ഉപദേശവും വായിച്ചപ്പോൾ എഴുത്തു കീറിക്കളഞ്ഞ് വാളൂരി ദൂതനെ വധിക്കുന്നു. പിന്നീട് വൈശ്രവണനെ യുദ്ധത്തിനു വിളിക്കുകയും പുഷ്പകവിമാനം സ്വന്തമാക്കുകയും ചെയ്യുന്നു. രാവണൻ വിമാനത്തിലേറി ആകാശത്തിലൂടെ സഞ്ചരിക്കുമ്പോൾ പുഷ്പകവിമാനം കൈലാസത്തിൽ തടഞ്ഞതറിഞ്ഞ് കൈലാസത്തോട് മാറാൻ ആവശ്യപ്പെടുന്നു. അതു കേൾക്കാത്തുകൊണ്ട് കൈലാസം എടുത്തുയർത്തി പന്തുപോലെ ഉരുട്ടി അമ്മാനമാടുന്നു.

ആ സമയത്ത് ശിവനും പാർവ്വതിയും കലഹം നടക്കുകയായിരുന്നു. പാർവ്വതി അടുത്തുനിന്നു മാറാത്തതുകൊണ്ടു ശിവനു ഗംഗയുമായിച്ചേർന്നിരിക്കാനുള്ള അവസരം ലഭിക്കുന്നില്ല. ശിവൻ സ്വർഗ്ഗസുന്ദരികളെ വരുത്തി പാർവ്വതിയെ കുളിക്കാനായി ഗംഗയിലേക്കു പറഞ്ഞയയ്ക്കുന്നു. കുളികഴിഞ്ഞെത്തിയ പാർവ്വതി കാര്യം മനസ്സിലാക്കി കുപിതയായി ശിവനെ ഉപേക്ഷിച്ചു പോകാൻ തുടങ്ങുന്നു. രാവണൻ കൈലാസം ഇളക്കിയപ്പോൾ പാർവ്വതി പേടിച്ച് ശിവനെ ആലിംഗനം ചെയ്യുന്നു. ഇങ്ങനെ പിണക്കം തീർന്നത് രാവണൻ മൂലമായതുകൊണ്ട് ശിവൻ പാർവ്വതിയോടുകൂടി പ്രത്യക്ഷപ്പെട്ട് രാവണന് ചന്ദ്രഹാസം എന്ന വാൾ സമ്മാനിക്കുന്നു. അങ്ങനെ ശ്രീപരമേശ്വരൻ സമ്മാനിച്ചതാണ് ഈ വാൾ. ഇത്രയും വിസ്തരിച്ച് ആടിക്കഴിഞ്ഞാൽ രണ്ടുപേരും ബാലിയെ ബന്ധിക്കനായി പുറപ്പെടുന്നു.

**രംഗം 3** – ബാലി പ്രവേശിച്ച് മുന്നിൽ സമുദ്രം കണ്ട് വിസ്മയിക്കുന്നു. സമുദ്രവർണ്ണന. *"അംബോധി തന്നുടയ"* എന്ന പദം ദശമുഖനായ രാവണൻ വരുന്നതു ജലത്തിൽ പ്രതിബിംബിച്ചു കാണുന്ന ബാലി അച്ഛന് അപമാനം വരുത്തിയതിന് ശിക്ഷകൊടുക്കണമെന്നു നിശ്ചയിക്കുന്നു.

**രംഗം 4–** രാവണനും നാരദനും ആകാശത്തുനിന്നു താഴെ ബാലിയെ കാണുന്നു. *"കണ്ടാലും രാക്ഷസമൗലേ"* എന്നു തുടങ്ങുന്ന പദം. ഭൂമിയിൽ ഇറങ്ങിയ രാവണനോട് ബാലിയെ ബന്ധിക്കാൻ നാരദൻ പറയുന്നു. വാലിൽ പിടിച്ച രാവണനെ ബാലി വാലുകൊണ്ട് ചുറ്റുന്നു. ലക്ഷ്യം സാധിച്ച നാരദൻ 'ഇന്ദ്രനെ ബന്ധിച്ചതിന്റെ ഫലമാണിത്. അനുഭവിച്ചുകൊള്ളുക' എന്നു പറഞ്ഞു തിരിച്ചുപോകുന്നു. വാലിൽ രാവണനെ കണ്ട ബാലി പരിഹസിക്കുകയും മോചിപ്പിച്ച് പരസ്പരം സുഹൃത്തുക്കളാകാമെന്ന് പറഞ്ഞു പിരിയുകയും ചെയ്യുന്നു.

**പ്രശാന്ത് ജി മേനോൻ (സെക്രട്ടറി), ഫോൺ: 9847695123**